

# കുട്ടികളുടെ മഹാഭാരതം

സുമംഗല
നീലമ്പേരൂർ മധുസൂദനൻ നായർ

വിശ്വസാഹിത്യത്തിലെ ഏറ്റവും മഹനീയ സൃഷ്ടിയാണ് മഹാഭാരതം. ആഖ്യാനത്തിന്റെ മികവിനാലും ഉള്ളടക്കത്തിന്റെ ഗരിമയാലും മഹാഭാരതത്തിനൊപ്പം ചേർത്തുനിർത്താൻ വിശ്വസാഹിത്യത്തിൽ മറ്റൊരു കൃതിയില്ല. ഒരു വംശത്തിന്റെ, ഒരു രാജ്യത്തിന്റെ, ഒരു ജനതയുടെ സാംസ്കാരിക സമ്പത്തു മുഴുവൻ ഈ മഹാഗ്രന്ഥത്തിലെ ഒരു ലക്ഷത്തിൽപരം ശ്ലോകങ്ങളിൽ അടങ്ങിയിരിക്കുന്നു. ധർമ്മം നിലകൊള്ളുന്നിടത്ത് ജയവും അധർമ്മമെവിടെയോ അവിടെ നാശവുമെന്നാണ് മഹാഭാരതം പഠിപ്പിക്കുന്നത്. ശാഖോപശാഖകളായി പരന്ന് പ്രപഞ്ചതുല്യവിശാലത ആവാഹിച്ച് വാക്കുകളിലൊതുക്കുന്ന ഈ വിശ്വോത്തരകൃതിക്ക് ഒപ്പം നിൽക്കാൻ ഈ പ്രപഞ്ചംതന്നെയല്ലാതെ മറ്റൊന്നുമില്ല.

**മഹാഭാരതകഥയുടെ ലളിതവും സുന്ദരവുമായ ഈ സംഗൃഹീത പുനരാഖ്യാനം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്നതാണ്.**

കവർ ഡിസൈൻ: ബിനീഷ് കെ. ആർ.

മാമ്പഴം
ഒരു ഡി സി ബുക്സ് മുദ്രണം
www.dcbooks.com
പുരാണം
ISBN 978-93-5282-537-0
9 789352 825370 00001
E-book available
₹399

കുട്ടികളുടെ മഹാഭാരതം

മാമ്പഴം

മാമ്പഴം

# കുട്ടികളുടെ മഹാഭാരതം

സുമംഗല
നീലമ്പേരൂർ മധുസൂദനൻ നായർ

C291.925 SUM/K
CASMTVK
1547



**പുനരാഖ്യാനം**

ആദിപർവ്വം മുതൽ ഭീഷ്മപർവ്വം വരെ - സുമംഗല

ദ്രോണപർവ്വം മുതൽ സ്വർഗാരോഹണം വരെ - നീലമ്പേരൂർ മധുസൂദനൻ നായർ

വേദവ്യാസൻ

# കുട്ടികളുടെ മഹാഭാരതം




പുനരാഖ്യാനം

**സുമംഗല,**

**നീലമ്പേരൂർ മധുസൂദനൻ നായർ**

ചിത്രങ്ങൾ

**കെ. ആർ. രാജി**



ഒരു ഡി സി ബുക്സ് മുദ്രണം

MALAYALAM LANGUAGE
Kuttikalute Mahabharatham

EPIC
by Veda Vyasan
Retold by Sumangala, Neelamperoor Madhusoodanan Nair

Rights Reserved
© D C Books

First Published February 1987 (2 Vols.)
First DCB Edition (Combined) February 2019

ILLUSTRATIONS
K. R. Raji

PUBLISHERS
Mambazham
An Imprint of D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Kuttikalute mahabharatham.
296p., 21cm.
ISBN 978-93-5282-537-0
Retold by Sumangala, Neelamperoor Madhusoodanan.
I. Childrens book. 2. Religion. 3. Hinduism. 4. Sacred book.
I. Sumangala. II. Madhusoodanan, Neelamperoor.
C294.5923-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5282-537-0

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

992/18-19-Sl. No. 18703-dcb 7090-2000-9267-01-19-Spb 18.6-p na-r pp-d hm

# മുഖ്യകഥാപാത്രങ്ങൾ

## ഭീഷ്മർ



ചന്ദ്രവംശത്തിലെ രാജാവായ ശന്തനുവിന് ഗംഗാദേവിയിലുണ്ടായ മകൻ. ദേവവ്രതൻ, ഗംഗാദത്തൻ, ഭാരതൻ എന്നീ പേരുകളുമുണ്ട്. പിതാവ് വിവാഹം കഴിച്ച സത്യവതിയുടെ മക്കൾക്ക് രാജ്യാവകാശം കിട്ടാനായി സിംഹാസനമുപേക്ഷിച്ചു. കുരുവംശത്തിലെ സർവാദരണീയനായ ഭീഷ്മരായിരുന്നു കുരുക്ഷേത്രയുദ്ധത്തിൽ ആദ്യത്തെ പത്തുദിവസം കൗരവപക്ഷത്തെ നയിച്ചത്. യുദ്ധത്തിൽ ശിഖണ്ഡിയെ മുൻനിർത്തി അർജ്ജുനൻ ഭീഷ്മരെ വധിച്ചു.

## ധൃതരാഷ്ട്രർ



കുരുവംശ മഹാരാജാവ്. കൃഷ്ണദ്വൈപായനൻ എന്ന വ്യാസന് വിചിത്രവീര്യപത്നിയായ അംബികയിലുണ്ടായ മകൻ. ജന്മനാ അന്ധനായി ജനിച്ചു. ഗാന്ധാരിയാണ് ഭാര്യ. ദുര്യോധനൻ ഉൾപ്പടെ നൂറ് ആൺമക്കളും ദുശ്ശളയെന്ന മകളുമുണ്ടായി. യുദ്ധാനന്തരം വാനപ്രസ്ഥം സ്വീകരിച്ചു. ഗാന്ധാരിക്കും സഹോദരപത്നിയായ കുന്തിക്കുമൊപ്പം കാട്ടുതീയിൽപ്പെട്ടു മരിച്ചു.

## പാണ്ഡു



പാണ്ഡവന്മാരുടെ പിതാവ്. ധൃതരാഷ്ട്രരുടെ സഹോദരൻ. കൃഷ്ണദ്വൈപായനൻ എന്ന വ്യാസന് വിചിത്രവീര്യപത്നിയായ അംബാലികയിൽ ജനിച്ച മകൻ. മുഖം പാണ്ഡുരവർണ്ണത്തോടെ ജനിച്ചതുകൊണ്ട് പാണ്ഡുവെന്നു പേരുകിട്ടി. കുന്തിയും മാദ്രിയും ഭാര്യമാർ. ഭാര്യയെ സ്പർശിച്ചാൽ മരിക്കുമെന്ന് കിന്ദമമഹർഷിയുടെ ശാപം കിട്ടിയതിനാൽ കുന്തിയിലും മാദ്രിയിലും ദേവന്മാരാണ് പുത്രോത്പാദനം നടത്തിയത്. മാദ്രിയോടൊത്തു ശയിക്കാൻ ശ്രമിച്ചപ്പോൾ മരിച്ചു.

## ഗാന്ധാരി



ധൃതരാഷ്ട്രപത്നി. ദുര്യോധനൻ ഉൾപ്പെടെ നൂറ്റിയൊന്നു കൗരവരുടെ അമ്മ. ഗാന്ധാരദേശത്തെ രാജാവായ സുബലന്റെ മകൾ. സഹോദരൻ ശകുനി. ഭർത്താവ് അന്ധനായതിനാൽ കണ്ണുമൂടിക്കെട്ടി സ്വയം അന്ധത കൈവരിച്ചു. ഭാരതയുദ്ധത്തിന്റെ കാരണക്കാരനാണെന്നാരോപിച്ച് ശ്രീകൃഷ്ണനെ ശപിച്ചു. വാനപ്രസ്ഥകാലത്ത് ഭർത്താവിനും കുന്തിക്കുമൊപ്പം കാട്ടുതീയിൽപ്പെട്ടു മരിച്ചു.

## കുന്തി



പാണ്ഡുവിന്റെ ഭാര്യ. പാണ്ഡവരുടെയും കർണ്ണന്റെയും അമ്മ. യാദവവംശത്തിലെ ശൂരസേനന്റെ മകൾ. സഹോദരൻ ശ്രീകൃഷ്ണപിതാവായ വസുദേവൻ. പൃഥയെന്നാണ് യഥാർത്ഥ പേര്. ശൂരസേനന്റെ സഹോദരപുത്രനായ കുന്തിഭോജൻ വളർത്തിയതുകൊണ്ട് കുന്തിയെന്നു പേരുകിട്ടി. അച്ഛനില്ലാത്ത പാണ്ഡവരെ വളർത്തി ശക്തരാക്കിയ കുന്തി ധൃതരാഷ്ട്രർക്കും ഗാന്ധാരിക്കുമൊപ്പം വാനപ്രസ്ഥകാലത്ത് കാട്ടുതീയിൽപ്പെട്ടു മരിച്ചു.

## പാണ്ഡവർ

### 1. യുധിഷ്ഠിരൻ



കുന്തിക്കു യമധർമ്മനിൽനിന്നുണ്ടായ മകൻ. ധർമ്മിഷ്ഠനും പണ്ഡിതനും. യുധിഷ്ഠിരന്റെ ചൂതാട്ടക്കമ്പം പാണ്ഡവരുടെ കഷ്ടനഷ്ടങ്ങൾക്കു കാരണമായി. ധർമ്മപുത്രനെന്നും പേരുണ്ട്.

### 2. ഭീമൻ



കുന്തിക്ക് വായുദേവനിൽനിന്നുണ്ടായ മകൻ. മഹാശക്തനും ഗദായുദ്ധവീരനും. ഘടോത്കചന്റെ പിതാവ്. ദുര്യോധനനെയും ദുശ്ശാസനനെയും യുദ്ധത്തിൽ വധിച്ചു.



### 3. അർജ്ജുനൻ



കുന്തിക്ക് ഇന്ദ്രനിലുണ്ടായ മകൻ. ധനുർവിദ്യാവിദഗ്ദ്ധൻ. സ്വയംവരമത്സരത്തിൽ ജയിച്ച് ദ്രൗപദിയെ സ്വന്തമാക്കി. ശ്രീകൃഷ്ണസഹോദരിയായ സുഭദ്ര ഉൾപ്പെടെ ഒട്ടേറെ ഭാര്യമാർ. അർജ്ജുനന് സുഭദ്രയിലുണ്ടായ മകൻ അഭിമന്യുവിൽനിന്നാണ് പാണ്ഡവരുടെ വംശാവലി തുടർന്നത്.

### 4. നകുലൻ

പാണ്ഡുപത്നിയായ മാദ്രിക്ക് അശ്വിനീദേവകളിൽനിന്നുണ്ടായ രണ്ടുമക്കളിലൊരാൾ. മറ്റേത് സഹദേവൻ. പാണ്ഡവരിൽ ഏറ്റവും സുന്ദരൻ.

### 5. സഹദേവൻ

പാണ്ഡുപത്നിയായ മാദ്രിക്ക് അശ്വിനീദേവകളിൽനിന്നുണ്ടായ മകൻ. ഏറ്റവും ഇളയ പാണ്ഡവൻ.

## വിദുരൻ



കൃഷ്ണദ്വൈപായനൻ എന്ന വ്യാസന് അംബാലികയുടെ ദാസിയിലുണ്ടായ മകൻ. മഹാപണ്ഡിതനും ധർമ്മവാദിയും രാഷ്ട്രമീമാംസാവിദഗ്ദ്ധനും. അന്ത്യകാലത്ത് വിദുരൻ യുധിഷ്ഠിരനിൽ ലയിച്ചു.

## ദ്രോണർ



കൗരവപാണ്ഡവരുടെ ആയുധവിദ്യാഗുരുവായ ബ്രാഹ്മണൻ. ഭരദ്വാജന്റെ മകൻ. അർജ്ജുനനോട് പ്രത്യേക മമത പുലർത്തി. ഏകപുത്രൻ അശ്വത്ഥാമാവ്. യുദ്ധക്കളത്തിൽവച്ച് അശ്വത്ഥാമാവ് മരിച്ചെന്ന വ്യാജവാർത്തകേട്ട് തേർത്തട്ടിൽ തളർന്നിരുന്ന അവസരത്തിൽ ദ്രോണരെ ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നൻ വധിച്ചു.

### കർണ്ണൻ



കുന്തിക്കു വിവാഹത്തിനുമുമ്പ് സൂര്യദേവനിൽനിന്നുണ്ടായ മകൻ. പെട്ടിയിലടച്ച് കുന്തി നദിയിലൊഴുക്കിയ ശിശുവിനെ സൂതനായ അധിരഥനും രാധയും വളർത്തി. പരശുരാമനിൽ നിന്ന് ആയുധവിദ്യ പഠിച്ച കർണ്ണൻ അർജ്ജുനനേക്കാൾ വലിയ പോരാളിയായി. ദുര്യോധനനായിരുന്നു ആപ്തമിത്രം. അംഗ രാജ്യത്തെ രാജാവായി ദുരോധനൻ കർണ്ണനെ അഭിഷേചിച്ചു. യുദ്ധത്തിൽ അർജ്ജുനൻ കർണ്ണനെ വധിച്ചു.

### ദുര്യോധനൻ



ധൃതരാഷ്ട്രന്റെ മൂത്തമകൻ. മഹാഭാരതകഥയിലെ പ്രതി നായകൻ. ക്രോധമൂർത്തിയെന്ന് വ്യാസൻ. യുദ്ധത്തിൽ ഭീമൻ വധിച്ചു.

### ശ്രീകൃഷ്ണൻ



മഹാവിഷ്ണുവിന്റെ പൂർണ്ണാവതാരമാണ് ശ്രീകൃഷ്ണൻ. മഹാഭാരതത്തിലെ ഏറ്റവും തിളക്കമുള്ള കഥാപാത്രം. യാദവ രുടെ രാജാവ്. വസുദേവന്റെയും ദേവകിയുടെയും മകൻ. യുദ്ധത്തിൽ അർജ്ജുനന്റെ സാരഥിയായി ഭഗവദ്ഗീത ഉപ ദേശിച്ചു. നയതന്ത്രവും രാഷ്ട്രതന്ത്രവും യുദ്ധതന്ത്രവുമായി മഹാഭാരതയുദ്ധത്തിൽ പാണ്ഡവപക്ഷത്തെ പിന്നിൽനിന്നു നയിച്ചു. കൃഷ്ണന്റെ വിജയമായിരുന്നു കുരുക്ഷേത്രയുദ്ധം. ഗാന്ധാരീശാപത്താൽ ജരയെന്ന വേടന്റെ അമ്പേറ്റു മരിച്ചു.



## ആമുഖം

മഹാഭാരതത്തിനു മുന്നിൽ നാം പെട്ടെന്നു വിനീതരായിപ്പോകുന്നു. തീരത്തു നില്ക്കുന്ന വായനക്കാരോരോരുത്തരെയും തങ്ങൾ മണൽത്തരിയേക്കാൾ ചെറുതാണെന്ന നിസ്സാരതാബോധംകൊണ്ടു നിറയ്ക്കുന്ന ഈ കാവ്യസമുദ്ര ത്തിന് ആ സവിശേഷത കൈവരുന്നത് അതിൽ വിവരിക്കുന്ന മഹാസാഗര ത്തിന്റെ കഥയോ ആകാരഭീമത്വമോ കൊണ്ടല്ല. വേർതിരിച്ചുപറയാനാവാത്ത മറ്റെന്തോ ഒരു ഘടകം, സവിശേഷത കാന്തികഗുണംപോലെ മഹാഭാരതത്തിൽ വ്യാപിച്ചുനില്ക്കുന്നു. കഥയും കാവ്യവും രാഷ്ട്രമീമാംസയും തത്ത്വശാസ്ത്ര വുമെല്ലാമായ മഹാഭാരതത്തിൽ നിറഞ്ഞു വ്യാപിച്ചിരിക്കുന്ന ആ തീവ്രതയെ വ്യാസഹൃദയം എന്നു വിളിക്കാം. ചേരിതിരിഞ്ഞു പൊരുതിയ ഒരു കുടുംബ ത്തിന്റെ വൈരത്തിന്റെ കഥയെ കഥാസാഗരവും ദർശനസാഗരവും ചരിത്രവും അർത്ഥശാസ്ത്രവും ധർമ്മശാസ്ത്രവുമാക്കി മാറ്റിയ പ്രതിഭാശക്തിയുടെ പേരാണ് വ്യാസഹൃദയം. മഹാഭാരതമെഴുതിയത് ഒരു വ്യാസനാണോ പല വ്യാസന്മാ രാണോ എന്ന ചോദ്യം മുൻനിർത്തി പണ്ഡിതന്മാർ ഒരുപാടു തർക്കിച്ചിട്ടുണ്ട്. കർത്താവിനെക്കുറിച്ചുമാത്രമല്ല, കാലം, ശ്ലോകങ്ങളുടെയും പർവങ്ങളുടെയും എണ്ണം, കൃതികളുടെ ആദിരൂപം, പില്ക്കാലത്തെ കൂട്ടിച്ചേർക്കലുകൾ തുടങ്ങി യവയെക്കുറിച്ചെല്ലാം ഗഹനമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഒരു ക്ലാസിക് സാഹിത്യകൃതി എന്ന നിലയിൽ മഹാഭാരതത്തെ സമീപിക്കുന്നവരെ ഇത്തരം പ്രശ്നങ്ങൾ ബാധിക്കുന്നില്ല. കാവ്യവും ഇതിഹാസവും ആഖ്യാനവു മാണെന്നു പ്രഖ്യാപിക്കുന്ന വ്യാസന്റെ അസാധാരണമായ സൗന്ദര്യബോധത്തിനും ദാർശനികതയ്ക്കുംമുന്നിൽ അവർ വിസ്മിതരായി നമസ്കരിച്ചുപോകുന്നു. രണ്ടു സഹസ്രാബ്ദമായി ഭാരതീയസാഹിത്യങ്ങൾ ചെയ്യുന്നതും അതുതന്നെ, വ്യാസഹൃദയത്തോടുള്ള സംവാദം. വാല്മീകിയുടെ രാമായണത്തിൽനിന്നെന്ന പോലെ വ്യാസന്റെ മഹാഭാരതത്തിൽനിന്നും കടംകൊള്ളാത്ത ഒരു ഭാരതീയ